
കവർസ്റ്റോറി

# പുതിയൊരു ലോകം സാധ്യമാവണം

ഷാനവാസ് കൊല്ലം



**'ചക്ഷുഃശ്രവണ** ഗളസ്ഥമാം ദർദുരം' അഥവാ പാമ്പിൻവായിലകപ്പെട്ട തവള എന്ന് എഴുത്തച്ഛൻ ലോകത്തെ വിശേഷിപ്പിച്ചിട്ടുണ്ട്. നാശത്തിലേക്കുള്ള ലോകത്തിന്റെ ഗതിവേഗം സൂചിപ്പിക്കുകയാണ് അദ്ദേഹം ഈ ഉപമയിലൂടെ. നാം ഇന്നെത്തിച്ചേർന്നിരിക്കുന്ന ലോകാവസ്ഥക്ക് ഈ ഉപമ വളരെയേറെ ഇണങ്ങുന്നതാണ്. പുതിയ നാഗരികത മാനവകുലത്തെയും നാം നിലകൊള്ളുന്ന ലോകത്തെയുംകൊണ്ട് ഒരു തിരിച്ചുവരവ് അസാധ്യമായ ആത്യന്തിക നാശത്തിലേക്ക് അതിവേഗം പായുകയാണ്.

നാം ഇന്നെത്തിച്ചേർന്നിരിക്കുന്ന ചരിത്രഘട്ടത്തെ രൂപപ്പെടുത്തുകയും നിയന്ത്രിക്കുകയും ചെയ്യുന്ന പടിഞ്ഞാറൻ നാഗരികതയാണ് ഈ പ്രതിസന്ധിയുടെ മുഖ്യപ്രതി. ഈ പ്രയോഗത്തിൽ പടിഞ്ഞാറ് എന്നത് ഒരു സ്ഥലരാശിയല്ല. കിഴക്കും പടിഞ്ഞാറും തെക്കും വടക്കും പ്രബലത നേടിയിട്ടുള്ള ഒരു ജീവിത വീക്ഷണമാണ്. നാഗരികതയെ ആഘോഷിക്കുകയും സംസ്കാരത്തെ തളർത്തുകയും ചെയ്യുന്നു എന്നതാണ് ഈ ജീവിത വീക്ഷണത്തിന്റെ സവിശേഷത. നാഗരികത, സംസ്കാരം എന്നിവ വേർതിരിച്ച് മനസ്സിലാക്കാനുതകും വിധം സോദ്ദേശ്യമായ അർഥത്തിലാണിവിടെ പ്രയോഗിച്ചിട്ടുള്ളത്.

നാഗരികത നഗരത്തെയാണ് ഓർമിപ്പിക്കുന്നത്. തിങ്ങിക്കൂടിയ കെട്ടിടങ്ങളും ആകാശത്തേക്ക് കറുത്തിരുണ്ട നരച്ച പുകച്ചുരുളുകളുതിർത്തുകൊണ്ട് നെടുവീർപ്പിട്ടു നിൽക്കുന്ന കൂറ്റൻ ഫാക്ടറികളും ആ പദം നമ്മുടെ മനസ്സിലേക്ക് കൊണ്ടുവരും. തുറമുഖം കേന്ദ്രീകരിച്ചും നഗരങ്ങളുണ്ടാവാറുണ്ട്. ഒരാവാസ പരിധിയിൽ ഭൗതിക സൗകര്യങ്ങളിൽ ഏറ്റവും വികസിച്ച

സ്ഥലമാണ് നഗരമായി കണക്കാക്കപ്പെടുക. അങ്ങനെ വരുമ്പോൾ നാഗരികത മനുഷ്യന്റെ ഭൗതിക മാനവുമായി ബന്ധപ്പെട്ട ഒരു പരികൽപനയാണെന്ന് വരുന്നു. മുഖ്യമായും യൂറോപ്പിലെ വ്യവസായ വിപ്ലവാനന്തരമാണല്ലോ നാമിന്നീ കാണുന്ന മാറ്റത്തിലേക്കുള്ള ലോകത്തിന്റെ സഞ്ചാരത്തിന് ഗതിവേഗം കൂടിയത്. വ്യവസായ വിപ്ലവം കടപ്പെട്ടിരിക്കുന്നത് ശാസ്ത്രത്തോടും സാങ്കേതിക വിദ്യയോടുമാണ്. അങ്ങനെയാവുമ്പോൾ നാഗരികതയുടെ ആത്യന്തികമായ കടപ്പാട് ശാസ്ത്ര സാങ്കേതിക വിദ്യയോടാണെന്ന് വരുന്നു. പഞ്ചേന്ദ്രിയങ്ങളുപയോഗിച്ചുള്ള ഈ പ്രപഞ്ച വായനയിലൂടെ എത്തിച്ചേരുന്ന നിഗമനങ്ങളാണ് ശാസ്ത്രം എന്ന് സാമാന്യമായി പറയാം. ശാസ്ത്ര തത്ത്വങ്ങളെ ആടയാഭരണങ്ങളണിയിച്ച് പ്രായോഗിക ജീവിതത്തിന്റെ നടുമുറ്റത്തേക്കാനയിക്കുന്ന ഏർപ്പാടാണ് സാങ്കേതിക വിദ്യ.

സംസ്കാരമെന്നത് തികച്ചും വ്യത്യസ്തമായ പരികൽപനയാണ്. സംസ്കാരത്തിന്റെ ആത്യന്തികമായ ബന്ധം കലയുമായിട്ടാണ്. മനുഷ്യന്റെ ഭൗതികാതീത മാനവുമായി ബന്ധപ്പെട്ടതാണ് കല. പ്രപഞ്ചത്തിന്റെ ആത്മാവു തേടിയുള്ള മനുഷ്യാത്മാവിന്റെ പ്രയാണത്തിനിടയിൽ നേരിടുന്ന സംഘർഷങ്ങളും അനുഭൂതികളുമൊക്കെയാണ് കലയിൽ ആവിഷ്കരിക്കപ്പെടുന്നത്. അഥവാ മനുഷ്യാത്മാവും പ്രപഞ്ചാത്മാവും തമ്മിലുള്ള പ്രതിപ്രവർത്തനത്തിന്റെ ഉൽപന്നമാണ് കല എന്നർത്ഥം. കല സംസ്കാരത്തെ സമ്പന്നമാക്കുകയും തിരിച്ച് സംസ്കാരം കലയെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യും.

ശാസ്ത്രവും കലയും തമ്മിലുള്ള ചില വ്യത്യാസങ്ങൾ കൂടി മനസ്സിലാക്കുന്നത് ഈ ചർച്ചയിൽ ഉപകാരപ്രദമായിരിക്കും. ശാസ്ത്രം പ്രകൃതിയുമായുള്ള വേർപെടലാണ് ഘോഷിക്കുന്നത്. ഒരൽപം മാറിനിന്ന് സംശയത്തോടെ എല്ലാറ്റിനെയും വീക്ഷിക്കൽ. തന്നെ പ്രകൃതിയിൽ നിന്നന്യനായി പ്രതിഷ്ഠിച്ച് പ്രകൃതിയിൽ തന്റെ മേൽക്കൈ സ്ഥാപിക്കാനുള്ള ശ്രമം.

*ചക്രവാളത്തിൻ മതിൽകെട്ടിന്മേൽ കൈയും കുത്തി*
*നിൽക്കും ഞാൻ, പ്രപഞ്ചത്തിൻ ഭരണം നിയന്ത്രിക്കാൻ.*
*ഗോളങ്ങളെടുത്തു ഞാൻ പന്തടിക്കുമ്പോൾ, വിദ്യു-*
*നാളങ്ങൾ കെടുത്തിയും, കത്തിച്ചും രസിക്കുമ്പോൾ,*
*നീരവനീലാകാശമേഖലകളിൽ നാളെ,*
*താരകേ നിന്നെക്കൊണ്ട് നർത്തനം ചെയ്യിക്കും ഞാൻ.*
(വയലാർ)

എന്ന് മനുഷ്യൻ പറയുന്നതങ്ങനെയാണ്.

പ്രപഞ്ചത്തെ അതിന്റെ സൗന്ദര്യ സാകല്യത്തിൽ കാണുന്നതിനു പകരം, പരമാവധി ചെറുതായി കീറി മുറിച്ച് പഠിക്കാനാണ് ശാസ്ത്രകാരൻ ശ്രമിക്കുക. തന്മാത്രക്കും അതിനെക്കാളും ചെറിയ അണുവിനും ശേഷം വീണ്ടും ചെറുതായ ക്വാർക്കുകളും അവൻ കണ്ടെത്തിയിരിക്കയാണ്. ശാസ്ത്രം വ്യക്തിപരതയെ പ്രോത്സാഹിപ്പിക്കുന്നു എന്നതാണ് മറ്റൊരു കാര്യം. ലബോറട്ടറിയുടെ ഉള്ളിൽ അടച്ചിരുന്ന്, ടെസ്റ്റ്യൂബിലേക്ക് തലപൂഴ്ത്തി ഇരിക്കുന്ന ഒരാളുടെ ചിത്രമാണ് ശാസ്ത്രജ്ഞനെന്ന് പറയുമ്പോൾ നമ്മുടെ മനസ്സിലേക്ക് വരിക.

**സംസ്കാരത്തെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കുകയും സംസ്കാര പോഷണത്തിന നിവാര്യമായ നടപടികൾ കൈക്കൊള്ളുകയുമാണ് മാനവകുലത്തിന്റെ ആരോഗ്യകരമായ നിലനിൽപിന് ഒന്നാമതായി ആവശ്യമായിട്ടുള്ളത്. അതിനുശേഷം മാത്രമേ നാഗരികതയുടെ വികാസവും അതിന്റെ പോഷണത്തിനനിവാര്യമായ നടപടികളും പ്രാധാന്യമർഹിക്കുന്നുള്ളൂ.**

പ്രകൃതിയുമായുള്ള ഐക്യമാണ് കല ഘോഷിക്കുന്നത്. വിശ്വാസത്തോടെ അത് പ്രകൃതിയോട് ചേർന്ന് നിൽക്കുന്നു. ആ സമാഗമത്തിൽ അനുഭൂതി കണ്ടെത്തുന്നു. ഗീതാഞ്ജലിയിലെ ചില വിവരണങ്ങൾ ഇതിനെ സാധൂകരിക്കുന്നതാണ്. പ്രകൃതിയെ ആകെ ദിവ്യഗാനസുധയുടെ പ്രവാഹമായി കൽപിക്കുന്ന ടാഗോർ തുടരുന്നതിങ്ങനെ:

*പ്രാണനുറക്കെ കേണീടുന്നു പ്രഭോ*
*പരാജിതനിലയിൽ*
*നിബദ്ധനിഹ ഞാൻ നിൻഗാനത്തിൻ*
*നിരന്തമാകിയ വലയിൽ.*

അവസാനമില്ലാത്ത ദിവ്യഗാനസുധയുടെ പ്രവാഹത്തിൽ ബന്ധിതനായതിലുള്ള അനുഭൂതിയാണദ്ദേഹം പങ്കുവെക്കുന്നത്.

'ഈ മനോഹര തീരത്ത് തരുമോ ഇനിയൊരു ജന്മം കൂടി' എന്ന് പാടാൻ കവിയെ പ്രേരിപ്പിക്കുന്നതും പ്രകൃതിയോടുള്ള അനശ്വര ബന്ധമാണ്. ലോകത്തെ അതിന്റെ സൗന്ദര്യസാകല്യത്തിൽ ദർശിക്കാനും അതിലെ നിറങ്ങളെയും സ്വരങ്ങളെയും ആഘോഷിക്കാനും കല ശ്രമിക്കുന്നു.

*മർത്യനും മൃഗവുമീവൃക്ഷവും നക്ഷത്രവും*
*പട്ടുനൂലൊന്നിൽ കോർക്കപ്പെട്ടുള്ള മണികളാം*
*ക്ഷിപ്രമിച്ചരാചരം ഒന്നാകെ തകർന്നുപോം*
*ഇപ്രപഞ്ചത്തിൽ നാഡീ ഞരമ്പൊന്നറുക്കുകിൽ* (പി. കുഞ്ഞിരാമൻ നായർ) എന്നാണ് കവിവാക്യം.

സാമൂഹികതയെ പ്രോത്സാഹിപ്പിക്കുന്നു എന്നതാണ് കലയുടെ മറ്റൊരു സവിശേഷത. തന്റെ ആത്മീയസാധനയിലൂടെ താൻ നേടിയെടുത്ത അനുഭൂതി മറ്റുള്ളവർക്കു കൂടി ലഭ്യമാക്കാനുള്ള വിനിമയോപാധിയായിട്ടാണ് കല പ്രവർത്തിക്കുന്നത്. സാമൂഹികമായ ഐക്യത്തിന്റെയും സഹകരണത്തിന്റെയും ഉറപ്പാണ് കല വാഗ്ദാനം ചെയ്യുന്നത്.

ഭൗതികാവശ്യങ്ങളെക്കാളധികം ആത്മീയാവശ്യങ്ങളുള്ള ജീവിയാണ് മനുഷ്യൻ. അഥവാ നാഗരികൻ എന്നതിനേക്കാൾ സാംസ്കാരികൻ ആവുകയാണ് അവന്റെ പ്രകൃതം. അവന്റെ ചായ്‌വ് കലയോടും അതുവഴി സംസ്കാരത്തോടുമാണെന്നർത്ഥം. ആത്മാവ് അനശ്വരമാണ് എന്നതുകൊണ്ടുതന്നെ ആത്മാവിന്റെ ആവിഷ്കാരമായ കലയും അനശ്വരമാണ്. എല്ലാ നല്ല കലക്കും എക്കാലവും നിലനിൽക്കാനുള്ള യോഗ്യതയുണ്ടാവും. അറേബ്യയിലെ പ്രാചീന മുഅല്ലഖകളും കാളിദാസന്റെ ശാകുന്തളവും രാമായണവും മഹാഭാരതവുമൊക്കെ സഹസ്രാബ്ദങ്ങൾക്കുശേഷവും വായിക്കപ്പെടുന്നു. മനുഷ്യന്റെ പരിമിതി കൽപിക്കാനാവാത്ത ആത്മീയാവശ്യങ്ങളെ നിവർത്തിക്കാനുള്ള അവയുടെ ശേഷിയാണ് ഈ സ്വീകാര്യതയുടെ കാരണം. ഇതിന്റെ വെളിച്ചത്തിൽ തലമുറകളിൽനിന്നും തലമുറകളിലേക്കു നീങ്ങുന്ന ഒരുതരം ആത്മീയ വിനിമയമാണ് സംസ്കാരത്തെ സൃഷ്ടിക്കുന്നത്.

എന്നാൽ, മറുവശത്ത് ശാസ്ത്രത്തെയും സാങ്കേതിക സംവിധാനങ്ങളെയും മനുഷ്യൻ സ്വീകരിക്കുന്ന രീതി വിലയിരുത്തുമ്പോൾ നാഗരികതയുടെ പരിമിതിയും മനുഷ്യ ജീവിതത്തിൽ സംസ്കാരത്തേക്കാൾ നാഗരികതക്കുള്ള കുറഞ്ഞ

സ്ഥാനവും വ്യക്തമാവും. മുൻകഴിഞ്ഞ എണ്ണമറ്റ തലമുറകളുടെ നിരന്തരമായ അധ്വാനത്തിന്റെയും ഗവേഷണത്തിന്റെയും ഫലമാണ് ഓരോ പിൻതലമുറയും അനുഭവിക്കുന്ന നാഗരിക സൗകര്യങ്ങൾ. അതിനാൽ തന്നെ പിൻതലമുറകൾക്ക് മുൻതലമുറകളോട് കടപ്പാടുണ്ട് എന്ന് വ്യക്തം. എന്നാൽ നാഗരികതയുടെ ആധാരമായ ശാസ്ത്രത്തിന്റെ പലതത്ത്വങ്ങളും കാലം പിന്നിടുമ്പോൾ അബദ്ധമാണെന്ന് പിൻതലമുറകൾ തെളിയിക്കുന്നു. ഓരോ തലമുറയും ഓരോ രംഗത്തെയും ഏറ്റവും വികസിച്ച സാങ്കേതിക സംവിധാനങ്ങളെ ഉപയോഗപ്പെടുത്താനാണ് ശ്രമിക്കുക. മുൻകഴിഞ്ഞ തലമുറയുടെ നാഗരിക ഉപകരണങ്ങളെ അങ്ങനെതന്നെ ഉപയോഗിക്കുന്നത് അനാവശ്യമായ ബുദ്ധിമുട്ടുകൾ ഏറ്റെടുക്കലാവും. ഉദാഹരണത്തിന് ഷേക്സ്പിയറുടെ സമ്പൂർണ കൃതികൾ വായിക്കുന്നത് പോലെ, എഡിസൻ കണ്ടുപിടിച്ച എല്ലാ ഉപകരണങ്ങളും ഇന്ന് അതേ രൂപത്തിൽ തന്നെ ഉപയോഗിക്കുന്നത് അബദ്ധമായിരിക്കും. ഇലക്ട്രിക് ബൾബ് പോലും എഡിസൻ രൂപകൽപന ചെയ്ത രൂപത്തിൽ ഇന്നെങ്ങും ഉപയോഗിക്കുന്നില്ല. അതിന്റെ അത്യന്താധുനിക തലമുറകൾ വന്നു കഴിഞ്ഞു. ബൾബ് ആദിരൂപത്തിൽ തന്നെ ഇന്നുപയോഗിക്കുന്നത് ഊർജം പാഴാക്കലാവും എന്നും പറയേണ്ടതില്ലല്ലോ. ഇതാണ് ശാസ്ത്ര-സാങ്കേതിക വിദ്യയുടെയും അതുവഴി നാഗരികതയുടെയും പരിമിതി.

ശാസ്ത്രത്തിന്റെയോ നാഗരികതയുടെയോ പ്രസക്തി നിഷേധിക്കുകയല്ല. താരതമ്യേന സംസ്കാരത്തിന് നാഗരികതയ്ക്കുള്ള പ്രാമുഖ്യം സൂചിപ്പിക്കുക മാത്രമാണ്. ഈ പ്രാമുഖ്യം അംഗീകരിച്ചു കൊടുക്കുകയും തദനുസൃതമായി സംസ്കാരത്തെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കുകയും സംസ്കാര പോഷണത്തിനനിവാര്യമായ നടപടികൾ കൈക്കൊള്ളുകയുമാണ് മാനവകുലത്തിന്റെ ആരോഗ്യകരമായ നിലനിൽപിന് ഒന്നാമതായി ആവശ്യമായിട്ടുള്ളത്. അതിനു ശേഷം മാത്രമേ നാഗരികതയുടെ വികാസവും അതിന്റെ പോഷണത്തിനനിവാര്യമായ നടപടികളും പ്രാധാന്യമർഹിക്കുന്നുള്ളൂ. സംസ്കാരത്തിന്റെ മേധാവിത്വം അംഗീകരിച്ച നാഗരികതയേ ഉണ്ടാവാൻ പാടുള്ളൂ. നാഗരികത സംസ്കാരം കൊണ്ട് ബാലൻസു ചെയ്യപ്പെടണം. അഥവാ ഭൗതികാവശ്യങ്ങളേക്കാൾ ആത്മീയാവശ്യങ്ങളുള്ള മനുഷ്യനു വേണ്ടി ശാസ്ത്ര-സാങ്കേതിക പ്രവർത്തനങ്ങളെക്കാൾ കലാ-സാഹിത്യ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം ലഭിക്കുന്ന ഒരു വ്യവസ്ഥയാണ് ഉണ്ടാവേണ്ടത്. അങ്ങനെയൊരു വ്യവസ്ഥയിൽ മാത്രമേ സംതൃപ്തവും സന്തുലിതവുമായ മനുഷ്യജീവിതം നിലവിൽ വരികയുള്ളൂ. സമൂഹത്തിന്റെ സാംസ്കാരികമായ ജാഗ്രത വിനാശകരമായ വഴിയിലേക്ക് വ്യതിചലിക്കുന്നതിൽനിന്ന് നാഗരികതയെ തടഞ്ഞു നിർത്തും.

## നല്ല സംസ്കാരം എങ്ങനെ സൃഷ്ടിക്കും?

എന്നാൽ ഒരു നല്ല സംസ്കാരം എങ്ങനെ കരുപ്പിടിപ്പിക്കും എന്ന ചോദ്യം അവശേഷിക്കുന്നുണ്ട്. സംസ്കാരത്തിന്റെ ബന്ധം ആത്മാവുമായിട്ടാണ് എന്ന് സൂചിപ്പിച്ചു. ശരീരം ഭൗമ നിർമിതമാണെങ്കിൽ, ആത്മാവ് ദൈവത്തിന് മാത്രം അറിയാവുന്ന ചേരുവകളാൽ ഉപരിലോകത്ത് പ്രത്യേകം തയാറാക്കപ്പെട്ടതാണ്. അതിനാൽ തന്നെ ആത്മാവിന് ദൈവത്തോട് ഉന്മുഖതയും ഉപരിലോകത്തോട് അഭിനിവേശവുമുണ്ട്.

മനുഷ്യനിൽ നിലീനമായിരിക്കുന്ന സൗന്ദര്യബോധവും നന്മയോടുള്ള താൽപര്യവുമെല്ലാം ഈ ബന്ധത്തിന്റെ ഫലമാണ്. മനുഷ്യകുലത്തിൽ പിറന്നു വീഴുന്ന എല്ലാവരിലും കുടികൊള്ളുന്ന ഈ പ്രത്യേകതകളെ സംരക്ഷിച്ചു നിർത്തുക എന്നതാണ് ഉത്കൃഷ്ട സംസ്കാര നിർമിതിയുടെ മുന്നുപാധി. അങ്ങനെയുള്ള സാഹചര്യത്തിൽ നല്ല സാഹിത്യവും നല്ല കലയും രൂപംകൊള്ളും. ജീവിതം കൂടുതൽ സുന്ദരവും ഐശ്വര്യ പൂർണവുമായിത്തീരും. എന്നാൽ മനുഷ്യ നന്മയുടെ സംരക്ഷണവും ആവിഷ്കാരവും അവൻ ജീവിക്കുന്ന പരിതസ്ഥിതികളുടെ സ്വഭാവമനുസിച്ച് ഏറിയും കുറഞ്ഞുമിരിക്കും. പലപ്പോഴും മനുഷ്യരിലെ പ്രാകൃത ഭാവങ്ങൾ തന്നെ ഉത്കൃഷ്ട ഭാവങ്ങളെ തോൽപിച്ച് മേധാവിത്വം നേടും. അപ്പോൾ കലയും സാഹിത്യവും ദുഷിക്കും. അതുവഴി സംസ്കാരവും ദുഷിക്കും. ജീവിതം വികൃതവും അത്യാചാരങ്ങൾ നിറഞ്ഞതുമായിത്തീരും. അതിനാൽ ഓരോരുത്തരെയും അവരവരുടെ നന്മകളുമായി ജീവിക്കാൻ വിട്ടാൽ പറ്റില്ല എന്നു വ്യക്തം. ഇവിടെയാണ് പ്രവാചകദൗത്യവും സംസ്കാരവുമായുള്ള ബന്ധത്തിലേക്ക് നമ്മുടെ ശ്രദ്ധ തിരിയുന്നത്.

## പ്രവാചക പ്രബോധനം

പ്രവാചക പ്രബോധനമെന്നത് പുറമേനിന്നുള്ള കെട്ടിയേൽപ്പിക്കലോ, മനുഷ്യന് അപരിമിതമായ സംഗതികളോ അല്ല. തന്റെ തന്നെ അന്തരംഗത്തിന്റെ സ്വരം കേൾക്കാൻ മനുഷ്യനെ സന്നദ്ധനാക്കുകയാണ് പ്രവാചകൻ ചെയ്യുക. തന്റെ അന്തരംഗത്തു തുടിക്കുന്നത് പ്രപഞ്ചത്തിലെങ്ങും മുഴങ്ങിക്കേൾക്കുന്ന അതേ സ്വരമാണെന്നും മനുഷ്യാന്തർപ്രകൃതിയും ബാഹ്യ പ്രകൃതിയും തമ്മിലുള്ള താളൈക്യത്തിലൂടെയാണ് ജീവിതം സുന്ദരമായി ആവിഷ്കരിക്കപ്പെടുക എന്നും പ്രവാചകൻ തെര്യപ്പെടുത്തുന്നു (*അർറൂം* 30). മനുഷ്യനും പ്രകൃതിയുമായുള്ള ഇഴയടുപ്പങ്ങളെ പ്രവാചകൻ വായിച്ചെടുക്കുന്നു. പ്രപഞ്ചത്തിന്റെ പ്രത്യക്ഷ സൗന്ദര്യത്തിലേക്കും അതിന്റെ പിന്നിലുള്ള ദിവ്യമായ സാന്നിധ്യത്തിലേക്കും പ്രവാചകൻ ശ്രദ്ധ ക്ഷണിക്കുന്നു. മനുഷ്യനും പ്രകൃതിയുമായുള്ള നേർബന്ധം പുനഃസ്ഥാപിക്കുന്നതുപോലെ മനുഷ്യനും പ്രകൃതിയുമായുള്ള ശരിയായ ബന്ധംകൂടി പ്രവാചകൻ സ്ഥാപിക്കുന്നു. സൃഷ്ടിപ്രപഞ്ചത്തെ എല്ലാ അർഥത്തിലുമുള്ള തികവോടെയാണ് സംവിധാനിച്ചിരിക്കുന്നത് എന്ന് ഖുർആൻ പറയുന്നുണ്ട് (*അസ്സജദ* 7). പ്രപഞ്ചത്തിലെങ്ങും നിറഞ്ഞു നിൽക്കുന്ന എണ്ണമറ്റ നിറങ്ങളും സ്വരങ്ങളുമാണല്ലോ പ്രപഞ്ചസൗന്ദര്യത്തെ അനുഭവവേദ്യമാക്കുന്നത്. അതെക്കുറിച്ചും ഖുർആൻ പറയുന്നുണ്ട് (*അർറൂം* 22). നിറങ്ങളായി, ശബ്ദങ്ങളായി, കാറ്റായി, മഴയായി, വെളിച്ചമായി, ഉദ്യാനങ്ങളായി, ഇരവായി, പകലായി, കടലിലെ തിരമാലയായി, മുത്തും

**വേദം മനുഷ്യാത്മാവിലെ നന്മകളുടെ ആവിഷ്കാരത്തിനും തിന്മകളുടെ വിപാടനത്തിനും പ്രേരണ നൽകുന്നു. ആ നന്മയെ പ്രായോഗിക വഴികളിൽ ആവിഷ്കരിക്കുകയാണ് പ്രവാചകൻ ചെയ്യുക. പ്രവാചക നിയോഗത്തോടെ മാനവ സംസ്കൃതിയുടെ ഗുണപരമായ രൂപപ്പെടലിനും നിർമാണപരമായ വളർച്ചക്കും ദിവ്യമായ ഒരു കരുതലും കാവലും ഉണ്ടായിത്തീരുന്നു.**

പവിഴവുമായി, മാമലകളും മഹാനദികളുമായി, ഇടിയും മിന്നലുമായി, മഴമേഘങ്ങളായി നിറഞ്ഞാടുന്ന പ്രപഞ്ച സൗന്ദര്യത്തിന്റെ നേരാഖ്യാനമാണ് ഖുർആൻ. ആയിരം നിറങ്ങൾ ചാലിച്ചെഴുതിയ പ്രപഞ്ചചിത്രം, ആയിരം ഈണങ്ങളാൽ താളമിട്ട പ്രപഞ്ച സംഗീതം, ആയിരം സുഗന്ധങ്ങളുടെ അനുഭൂതി ആത്മാവിൽ വിടർത്തുന്ന സുഗന്ധനിർഝരീ പ്രവാഹം. അതാണ് ഖുർആൻ, മുഹമ്മദ് നബിയുടെ പ്രബോധന രേഖയാണല്ലോ അത്. ഇതുപോലെ മുൻ പ്രവാചകന്മാരുടെ പ്രബോധന രേഖയായി അവതരിച്ച ദിവ്യഗ്രന്ഥങ്ങളിലും പ്രപഞ്ച സൗന്ദര്യം അവയുടെ ചെപ്പിനുള്ളിൽ മിഴിവോടെ പകർത്തിവെച്ചിരുന്നു എന്ന് മനസ്സിലാക്കാം. ഓരോ പ്രവാചക നിയോഗവും അകാശ ഗ്രന്ഥാവതരണവും മനുഷ്യകുലത്തിനുള്ള ദിവ്യാംഗീകാരങ്ങളാണ്. ദൈവവും മനുഷ്യാത്മാവുമായുള്ള ഭാഷണത്തിന്റെ മാധ്യമങ്ങളായാണ് അവ പ്രത്യക്ഷപ്പെടുക. വേദം മനുഷ്യാത്മാവിലെ നന്മകളുടെ ആവിഷ്കാരത്തിനും തിന്മകളുടെ വിപാടനത്തിനും പ്രേരണ നൽകുന്നു. ആ നന്മയെ പ്രായോഗിക വഴികളിൽ ആവിഷ്കരിക്കുകയാണ് പ്രവാചകൻ ചെയ്യുക. പ്രവാചക നിയോഗത്തോടെ മാനവ സംസ്കൃതിയുടെ ഗുണപരമായ രൂപപ്പെടലിനും നിർമാണപരമായ വളർച്ചക്കും ദിവ്യമായ ഒരു കരുതലും കാവലും ഉണ്ടായിത്തീരുന്നു. അങ്ങനെ നല്ല കലയും സാഹിത്യവും ജന്മം കൊള്ളുകയും സംസ്കാരം പ്രഫുല്ലമാവുകയും ചെയ്യുന്നു. ഗതകാലത്തെ മഹത്തായ സംസ്കൃതികൾ പ്രൗഢിയോടെ നിലനിന്നിടങ്ങളിലെല്ലാം ദൈവബോധത്തിന്റെയും പ്രവാചക സാന്നിധ്യത്തിന്റെയും നിഴൽപാടുകൾ കണ്ടെടുക്കാൻ പ്രയാസമില്ല എന്നത് ഈ വസ്തുതയെ സാധൂകരിക്കുന്നു. മുഹമ്മദ് നബിയുടെ വിയോഗാനന്തരം അധികം താമസിയാതെ മധ്യപൗരസ്ത്യ ദേശത്തെ കേന്ദ്രീകരിച്ച് ലോകത്തരങ്ങേറിയ സാംസ്കാരികവും വൈജ്ഞാനികവുമായ വിപ്ലവം ചരിത്ര രേഖയാണ്. ഇസ്‌ലാമിന്റെ വിമർശകർക്കു പോലും അതംഗീകരിക്കാതിരിക്കാൻ സാധ്യമല്ല. അശ്രദ്ധവും ശിഥിലവുമായിക്കിടന്ന മനുഷ്യനന്മകളെ ഏകോപിപ്പിച്ച പ്രവാചക ദൗത്യമാണ് ഈ മുന്നേറ്റത്തിന്റെ കാരണമെന്ന് വ്യക്തം.

**സംസ്കാരത്തിന്റെ മേധാവിത്വം അംഗീകരിച്ച നാഗരികതയേ ഉണ്ടാവാൻ പാടുള്ളൂ. നാഗരികത സംസ്കാരം കൊണ്ട് ബാലൻസു ചെയ്യപ്പെടണം. അഥവാ ഭൗതികാവശ്യങ്ങളേക്കാൾ ആത്മീയാവശ്യങ്ങളുള്ള, മനുഷ്യനുവേണ്ടി ശാസ്ത്ര-സാങ്കേതിക പ്രവർത്തനങ്ങളെക്കാൾ കലാ-സാഹിത്യ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം ലഭിക്കുന്ന ഒരു വ്യവസ്ഥയാണ് ഉണ്ടാവേണ്ടത്.**

## പാശ്ചാത്യ നാഗരികതയുടെ രൂപവൽക്കരണം

നാഗരികതയെ ആഘോഷിക്കുകയും സംസ്കാരത്തെ തളർത്തുകയും ചെയ്യുന്ന ജീവിത ദർശനമാണ് നമ്മുടെലോകം ഇന്നെത്തിപ്പെട്ടിരിക്കുന്ന പ്രതിസന്ധിയുടെ മുഖ്യപ്രതി എന്ന് സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞ ഏതാനും നൂറ്റാണ്ടുകളായി ലോകം യൂറോപ്പിനെ കേന്ദ്രീകരിച്ചാണ് കറങ്ങിയത്. അതിൽനിന്ന് മുക്തിനേടാനുള്ള ശ്രമങ്ങൾ ഇനിയും ശൈശവദശയിലാണ്. യൂറോപ്പാകട്ടെ യേശുവിനോട് തങ്ങൾക്ക് സവിശേഷ ബന്ധമുണ്ട് എന്നവകാശപ്പെടുന്നുവെങ്കിലും അത് വസ്തുതാപരമായി നിലനിൽക്കുന്നതല്ല. കൈകടത്തലിനും മാറ്റത്തിനും വിധേയമായ യേശുവിന്റെ പ്രബോധനങ്ങൾ ക്രിസ്തുമതമായി രൂപംപ്രാപിക്കുകയായിരുന്നു. അനിവാര്യമായ കാരണങ്ങളാൽ അതിനെ കൂടി അരികിലേക്ക് മാറ്റിവെച്ചുകൊണ്ടാണ് യൂറോപ്പ് നവോത്ഥാനത്തിലേക്കും പുരോഗതിയിലേക്കും കാലെടുത്തുവെച്ചത്. ഇസ്‌ലാമിക സംസ്കൃതിയുടെ വൈജ്ഞാനിക ഫലങ്ങളെ അവർ നേരത്തേ സ്വാംശീകരിച്ചിരുന്നുവെങ്കിലും അതിന്റെ മൂല്യങ്ങളെയും ദർശനങ്ങളെയും ഉൾക്കൊള്ളാൻ വിമുഖത കാണിച്ചു. അഥവാ പ്രവാചക ദർശനത്താൽ പാകപ്പെടുത്തപ്പെട്ട ആർദ്ര ഭൂമിയിലായിരുന്നില്ല അവർ നാഗരിക നിർമിതി ആരംഭിച്ചത്. ധ്യാനത്തിനും ആരാധനക്കും ജീവിതത്തിൽ പ്രാധാന്യം കുറഞ്ഞുവന്നു. ആത്മാവിന്റെ സ്വരം കേൾക്കാനായി ധ്യാനനിമഗ്നനായി ഇരിക്കാനുള്ള താൽപര്യം പൊതുവെ ഇല്ലാതായി. കലയും സാഹിത്യവും ക്ഷയിച്ചു. അങ്ങനെ സംസ്കാരം നാശോന്മുഖമായി. ജനപഥത്തിന്റെ ചിന്തയൊന്നാകെ ഭൗതിക പ്രപഞ്ചത്തിലുടക്കി. ശാസ്ത്രവും സാങ്കേതിക വിദ്യയും വളരുംതോറും മനുഷ്യൻ തന്നിൽ നിന്നുതന്നെ അകന്നുകൊണ്ടേയിരുന്നു. വ്യവസായ വിപ്ലവം സ്ഥിതി കൂടുതൽ ഗുരുതരമാക്കി. ഉപഭോഗാവശ്യത്തേക്കാൾ ഉൽപന്നങ്ങൾ കുമിഞ്ഞുകൂടി. മെച്ചപ്പെട്ട ഉപഭോക്താവ് എന്ന് സ്വയം നിർവചിച്ച യൂറോപ്യന്റെ മൂല്യഭാരമില്ലാത്ത മനസ്സിലേക്ക് ആർത്തിയുടെ അഗ്നിനാളങ്ങൾ കാട്ടുതീയായി പടർന്നുകയറി. വ്യാവസായിക മുതലാളിത്തം ലോകത്തെ തങ്ങളുടെ വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃത വസ്തുക്കളുടെ അനന്തമായ സ്രോതസ്സെന്നും, തങ്ങളുടെ ഉൽപന്നങ്ങൾ വിറ്റഴിക്കാനുള്ള കമ്പോളമെന്നും നിർവചിച്ചു. ആഫ്രിക്കയിലെയും ഏഷ്യയിലെയും അമേരിക്കയിലെയും 'കാടന്മാരെ' കണ്ടുപിടിച്ച് പുനരുദ്ധരിക്കാനുള്ള 'ദൗത്യഭാര'വുമായി യൂറോപ്പ് പ്രയാണമാരംഭിച്ചു. തുടർന്ന് കഴിഞ്ഞ നാലു നൂറ്റാണ്ടിലധികമായി ലോകത്തിന്റെ ഭൂമിശാസ്ത്രം, സാമൂഹ്യശാസ്ത്രം, ചരിത്രം, ലോക വീക്ഷണം, സമ്പദ്ഘടന, വിദ്യാഭ്യാസം, പരിസ്ഥിതി, വികസനം ഇവയെയെല്ലാം യൂറോപ്പ് അടിമുടി മാറ്റിമറിച്ചു. സഹസ്രാബ്ദങ്ങളുടെ പൈതൃകമുള്ള മഹത്തായ സിന്ധു നദീതട സംസ്കാരം, മെസപ്പൊട്ടോമിയൻ സംസ്കാരം, നൈൽ നദീതടസംസ്കാരം, ചൈനീസ് സംസ്കാരം, അമേരിക്കയിലെ ആസ്ടെക്, ഇൻകാ, മായൻ സംസ്കാരങ്ങൾ, ഇസ്‌ലാമിക സംസ്കാരം ഇവയുടെയെല്ലാം കാൽപാടുകൾ പതിഞ്ഞുകിടന്ന മഹാ ഭൂപ്രദേശങ്ങളിലൂടെയായിരുന്നു യൂറോപ്യന്റെ തേരോട്ടം. മധ്യകാലഘട്ടത്തിൽ ഇസ്‌ലാമിക ദർശനം സാംസ്കാരിക മേന്മകൊണ്ട് സ്വാധീനം നേടിയത് പോലെയല്ല യൂറോപ്പ് നായകസ്ഥാനത്തേക്കു വന്നത്. മറിച്ച് വംശമഹിമയുടെയും ധനാർത്തിയുടെയും അധമ ദർശനത്താൽ പ്രചോദിപ്പിക്കപ്പെട്ട സാങ്കേതിക മേൽക്കൈകൊണ്ട് മാത്രമായിരുന്നു. ഭൂതകാലത്തിന്റെ സഹസ്രാബ്ദങ്ങളിലേക്ക് വേരുകളാഴ്ത്തിയ ജനതതികളെ തികച്ചും ആകസ്മികവും അപകടസാധ്യതകൾ ധാരാളമുള്ളതുമായ വ്യവസായ വിപ്ലവത്തിന്റെ പിൻബലത്തിൽ യൂറോപ്പ് പിഴുതെറിയുകയായിരുന്നു. അങ്ങനെയാണ് സാംസ്കാരികമായി ഉള്ളടക്കമില്ലാത്ത, സംസ്കാരം കൊണ്ട് ബാലൻസു ചെയ്യപ്പെടാത്ത ആധുനിക നാഗരികത രൂപംകൊള്ളുന്നത്.

ഹൃദയ ശൂന്യനായ ഒരതിമാനുഷനെ(സൂപ്പർമാൻ)യാണീ നാഗരികത സമർപ്പിച്ചത്. വിടർന്നു നിൽക്കുന്ന പൂവിനെ മുറിച്ചെടുത്ത് ലബോറട്ടറിയിലേക്കു പോകും അയാൾ. എന്നാൽ

അതിനെ ആന്തരാത്മാവിലേക്ക് ആവാഹിച്ച് ധ്യാന നിറവിൽ ലോകാവസ്ഥയുടെ പരിഛേദം അതിന്റെ ഗതിപരിണാമങ്ങളിൽ ദർശിച്ച് കവിത വിരിയിക്കാൻ അയാൾക്ക് കഴിയുകയില്ല. ജലത്തിന്റെ ഘടക പദാർഥങ്ങളെ വേർതിരിച്ച് പഠിക്കും അവൻ. എന്നാൽ ദാഹിച്ചു മണ്ണുകപ്പുന്ന സഹജീവിക്ക് ഒരിറ്റു കുടിനീർ നൽകാനുള്ള മൂല്യബോധം അയാൾക്കില്ല.

## മാർക്സിസത്തിന്റെ പരാജയം

ഈ പാശ്ചാത്യ നാഗരികതക്ക് നാഗരികവും പാശ്ചാത്യം തന്നെയുമായ പരിഹാരമെന്ന നിലക്ക് മാർക്സിസം ജന്മമെടുത്തിരുന്നു. നാഗരികം മാത്രമായിരുന്നു എന്നതിനാലും പാശ്ചാത്യം മാത്രമായിരുന്നു എന്നതിനാലും മാർക്സിസത്തിനും വിജയിക്കാനായില്ല. മുദ്രാവാക്യങ്ങളിലും സ്വപ്നങ്ങളിലും അത് അങ്ങേയറ്റം മാനവികവും കാൽപനികവുമായിരുന്നു. എന്നാൽ പ്രചോദനങ്ങളിലും ആഹ്വാനങ്ങളിലും മാർക്സിസം സാംസ്കാരിക ഉള്ളടക്കമില്ലാത്ത അതേ പാശ്ചാത്യ നാഗരികതയുടെ മറ്റൊരു പതിപ്പു മാത്രമായിരുന്നു. സ്വാർഥതയുടെ പ്രത്യയശാസ്ത്രമായ മുതലാളിത്തത്തിന്റെ അപമാനവീകരണ യത്നങ്ങളോട്, മാനവികതയുടെ സഹജവാസനകളോട് പോലും വിയോജിക്കുന്ന അപമാനവീകരണത്തിന്റെ മറ്റൊരുമുഖം തുറന്നുകൊണ്ട് കണക്കു തീർക്കുക എന്ന രീതിയാണ് മാർക്സിസം വിഭാവനം ചെയ്തത്. വർഗബോധത്തിന്റെ മാഹാത്മ്യത്തെയും സംഘശക്തിയുടെ പ്രാധാന്യത്തെയും കുറിച്ച് വാചാലമാവുന്നതിനിടയിൽ പക്ഷേ, തുടിക്കുന്ന ഹൃദയവും ആത്മാവുമുള്ള മോഹങ്ങളുടെ ചെറിയ വളപ്പൊട്ടുകൾ കൂട്ടിവെച്ച് സ്വപ്നങ്ങളുടെ മഹാസൗധങ്ങൾ പണിയുന്ന ചെറിയ മനുഷ്യനെ മാർക്സിസം മറന്നുപോയി. ഉറ്റവരുടെ സ്നേഹകാരുണ്യങ്ങൾക്കായി വേഴാമ്പലിനെപ്പോലെ ദാഹിക്കുന്ന പിഞ്ചുപൈതലിനെയും വയോധികനായ പിതാവിനെയും ഉൾക്കൊള്ളാനതിനായില്ല. വാത്സല്യത്തിന്റെ അരുവിയായ തന്റെ കുഞ്ഞിലേക്ക് ആർത്തലച്ചു ചെല്ലാൻ വെമ്പുന്ന മാതാവിനെ മാർക്സിസം എങ്ങനെ അഭിസംബോധന ചെയ്യും?

കൂടുതൽ പാശ്ചാത്യമാവുക; ഇതായിരുന്നു സോഷ്യലിസ്റ്റ് സമൂഹങ്ങൾക്ക് ലഭിച്ച ആഹ്വാനം. മാർക്സിസം വിഭാവനം ചെയ്ത ആത്യന്തിക സാമൂഹികതയുടെ ആവിഷ്കാരത്തിലേക്ക് ചുവടുവെക്കുന്നതിനുപകരം ഭൗതിക സമ്പത്തിലും സാങ്കേതിക സന്നാഹങ്ങളിലും അമേരിക്കയെ അതിജയിക്കാനുള്ള ശ്രമമാണ് സോവിയറ്റ് യൂനിയനിലുൾപ്പെടെ ഉണ്ടായത്. 1960 കളിൽ തന്നെ യു.എസ്.എസ്.ആറിൽ ദൃശ്യമായിരുന്ന അമേരിക്കൻ വസ്തുക്കളോടുള്ള അഭിനിവേശവും വർധിച്ച ഉപഭോഗത്വരയും യുവാക്കൾക്കിടയിൽ വ്യാപിച്ച മദ്യം, മയക്കുമരുന്ന് ഉപയോഗവുമൊക്കെ നേരിൽ കണ്ട എം.പി പരമേശ്വരൻ അതൊക്കെ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരം യാഥാർഥ്യങ്ങളാണ് മാർക്സിസത്തിനു അപരിചിതമായ കുറെക്കൂടി 'ആത്മീയമായ' വഴികളെ കുറിച്ചാലോചിക്കാൻ അദ്ദേഹത്തെ പോലുള്ളവരെ പ്രേരിപ്പിച്ചത്. പുതിയ പുലരി സ്വപ്നം കണ്ടവർക്ക് കോടി കണ്ഠങ്ങളിൽ നിന്നുയർന്ന നിലവിളിയും രക്തനദികളുമാണ് ഉത്തരമായി ലഭിച്ചത്. ഒടുവിൽ വോൾഗയും ഒഴുകിയൊഴുകി പടിഞ്ഞാറൻ സമുദ്രത്തിൽതന്നെ പതിച്ചു. ദൈവത്തെകാണാൻ പോയവൻ വഴിയിൽ വെച്ച് പിശാചിന്റെ ചങ്ങാതിയായ, അല്ല പിശാചു തന്നെയായിത്തീർന്ന പരിണാമം.

(തുടരും)

shanukollam@gmail.com